# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3177** **07.02.2018-ൽ മറുപടിയ്ക്ക്**

## മറൈൻ ഫിഷറീസ് പോളിസി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മറൈൻ ഫിഷറീസ് പോളിസി സംസ്ഥാനത്തെ മത്സ്യമേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) 28/04/2017 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധനനയവുമായി ബന്ധപ്പെട്ട് മത്സ്യബന്ധന മേഖലയിൽ ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. എൽ.ഒ.പി. നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി. മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധനനിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും, അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധനയാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുള്ള നയത്തിലെ പ്രഖ്യാപനം ഈ മേഖലയിൽ മൾട്ടി നാഷണൽ കമ്പനികൾ കടന്നു വരുമെന്നുള്ള ആശങ്ക മത്സ്യത്തൊഴിലാളി മേഖലയിൽ ഉയർന്നിട്ടുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധനനിക്ഷേപവും, വിദേശ സാങ്കേതിക വിദ്യയും വൻതോതിൽ കടന്നു വരുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്. |
| ബി) പ്രസ്തുത പോളിസിയിൽ സംസ്ഥാന താല്പര്യങ്ങൾക്കെതിരായ കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ പുന:പരിശോധിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള കേന്ദ്രപ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ; | ബി) മത്സ്യബന്ധന മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മത്സ്യമേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്നതും, സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടിയതുമായ പല കാര്യങ്ങളും പരിഗണിക്കപ്പെട്ടിട്ടില്ല. കേരളത്തിന്റെ നേതൃത്വത്തിൽ തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പു മന്ത്രിമാരുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടി എടുത്തിട്ടുണ്ട്. |

| | |
|---|---|
| സി) സമഗ്ര അക്വേറിയം റിഫോംസ് നിയമം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കുമോ? | സി) & ഡി) ഉദ്ദേശിക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പു വരുത്തുന്നതിനായി മത്സ്യബന്ധന അവകാശം, മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം, മത്സ്യങ്ങളുടെ ആദ്യ വിൽപനക്കുള്ള അവകാശം എന്നിവ മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്തുക യാണ് ബില്ലിന്റെ പ്രധാന ലക്ഷ്യം. ശ്രീ. വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് തയ്യാറാക്കപ്പെട്ട അക്വേറിയം റിഫോംസ് ബില്ല്, പുതിയ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) ആയതിന്റെ നിയമ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ? | |

സെക്ഷൻ ആഫീസർ